# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.205 16-08-2017-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.എ.എം. ആരിഫ്
ശ്രീ.സി.കെ. ഹരീന്ദ്രൻ
ശ്രീ.പി.ടി.എ. റഹീം
ശ്രീ.പി.കെ. ശശി

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച</u>**

| | | |
|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്തുണ്ടായതായി ആക്ഷേപമുള്ള സാമ്പത്തിക അരാജകത്വം വികസനത്തെ അസാധ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിൽനിന്ന് സംസ്ഥാനത്തെ കരകയറ്റാനായി സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിശ്ചലാവസ്ഥയിലായിരുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാൻ കൈക്കൊണ്ട നടപടികളിൽ പ്രധാനപ്പെട്ടവയിവയാണ്.<br>1. മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000/- കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും 2016-17 ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്ത് തുടർനടപടി സ്വീകരിച്ചു.<br>2. 1999 ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുകയും സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്നവയടക്കമുള്ള പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കെ.ഐ.ഐ.എഫ്.ബി) പന്ത്രണ്ടായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.<br>3. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം |

| | | |
|---|---|---|
| | | ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിനു പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്.<br>4. 2016-17 ൽ 24000 കോടി രൂപയുടെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തപ്പോൾ നടപ്പ് വർഷം 26500 കോടി രൂപയുടെ വാർഷിക പദ്ധതി നടപ്പിലാക്കി വരുന്നു.<br>5. 14 ജില്ല സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചു കൊണ്ട് സഹകരണ മേഖലയിൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിച്ചു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു<br>7. ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ മുൻ സർക്കർ വരുത്തിയ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശിക തീർത്ത് വീട്ടിലെത്തിക്കുക എന്ന വാഗ്ദാനം പാലിക്കുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.<br>8. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്) നടപ്പിലാക്കി. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.<br>9. തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000 ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്. |

| | | |
|---|---|---|
| | | 10. വൈദ്യുതി പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും ഊർജ്ജ ഇവാക്വേഷൻ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനും വിതരണ-പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.<br>11. 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ പൂർണതോതിൽ അനുവദിച്ചു |
| (ബി) | സാമ്പത്തിക സുസ്ഥിരതയിലേയ്ക്ക് സംസ്ഥാന സമ്പദ് വ്യവസ്ഥയെ നയിക്കുന്നതിനിടെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നോട്ടുനിരോധനം വികസനത്തെ എത്രമാത്രം പ്രതികൂലമായി ബാധിച്ചെന്ന് വിലയിരുത്തിയിട്ടുണ്ടോ ; അതു പരിഹരിക്കാനായി കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായം നൽകിയോ ; | നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഹ്രസ്വകാല ദീർഘകാല ആഘാതങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നല്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.<br>നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിനോ നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ആഘാതങ്ങളുടെ വ്യാപ്തി ലഘൂകരിക്കുന്നതിനോ ഉതകുന്ന തരത്തിലുള്ള ഒരു സഹായവും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |
| (സി) | ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നികുതി നിർണ്ണയാധികാരം ചോർത്തിക്കളയുകയും ചെറുകിട വ്യവസായങ്ങളെയും ചെറുകിട വ്യാപാരികളെയും ഉപഭോക്താക്കളെയും പ്രതികൂലമായി ബാധിക്കുകയും ചെയ്ത ജി.എസ്.ടി. സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ എന്ന് വെളിപ്പെടുത്താമോ ? | നിലവിൽ കേന്ദ്രസർക്കാർ ചുമത്തിവരുന്ന കേന്ദ്ര എക്സൈസ് നികുതി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവനനികുതി തുടങ്ങിയവയും സംസ്ഥാനങ്ങൾ ചുമത്തിവരുന്ന മൂല്യവർദ്ധിത നികുതി, ആഡംബര നികുതി, വാങ്ങൽ നികുതി, ലോട്ടറി നികുതി തുടങ്ങിയവയ്ക്ക് പകരമായാണ് ചരക്കുസേവന നികുതി നടപ്പിലാക്കിയത്. ജി.എസ്.ടി.യിൽ നികുതിക്കുമേൽ നികുതി ചുമത്തുമ്പോൾ ഉള്ള cascading effect ഉണ്ടാകുന്നില്ല. ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമെ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷുറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് നമ്മുടെ രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. |

| | | |
|---|---|---|
| | | ജി.എസ്.ടി. നിയമപ്രകാരം 20 ലക്ഷത്തിനുമേൽ മൊത്തം വിറ്റുവരവുള്ള വ്യാപാരികളാണ് രജിസ്ട്രേഷൻ എടുക്കേണ്ടത്. 75 ലക്ഷം രൂപവരെ വിറ്റുവരവുള്ള സംസ്ഥാനത്തിനുള്ളിൽ മാത്രം വിപണനം/നിർമ്മാണം നടത്തുന്ന വ്യാപാരികൾക്ക് കോമ്പൗണ്ടിംഗ് ആനുകൂല്യം നൽകിയിട്ടുണ്ട്. നിലവിൽ കോമ്പൗണ്ടിംഗ് ആനുകൂല്യം 60 ലക്ഷം രൂപയ്ക്ക് താഴെ വിറ്റുവരവുള്ള ഉല്പാദനം നടത്താത്ത വ്യാപാരികൾക്ക് മാത്രമായിരുന്നു. ജി.എസ്.ടി. നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത് അഖിലേന്ത്യാടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന ആകെ നികുതിഭാരത്തിന്റെ ശരാശരി പരിഗണിച്ചുകൊണ്ടും, കേന്ദ്ര എക്സൈസ് നികുതിയടക്കമുള്ള ഭാരങ്ങൾ കണക്കിലെടുത്തും കൊണ്ടുമാണ്. കേന്ദ്ര എക്സൈസ് നേരത്തെ ബാധകമല്ലാതിരുന്ന ചെറുകിട മേഖലയ്ക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ജി.എസ്.ടി നിരക്കുകൾ അധികഭാരമായിട്ടുണ്ട്. മാത്രമല്ല, സംസ്ഥാനം പ്രത്യേക പരിഗണന നൽകി ഇളവുകൾ നൽകിയിരുന്ന ചില മേഖലകൾക്കും പ്രയാസം നേരിടുന്നുണ്ട്. സംസ്ഥാനങ്ങളുടെ ധനാധികാരങ്ങൾ ചുരുക്കുക എന്ന സമീപനമാണ് കേന്ദ്ര സർക്കാരുകൾ തുടർച്ചയായി സ്വീകരിച്ചുപോരുന്നത്. ജി.എസ്.ടി.യിലും ഈ പ്രശ്നം ഉണ്ട്. ജി.എസ്.ടി. നികുതി സമ്പ്രദായത്തിലേയ്ക്ക് മാറുന്നതിന് ഭരണഘടനാഭേദഗതി വന്ന സാഹചര്യത്തിൽ ഈ പുതിയ നികുതി സമ്പ്രദായം എത്രത്തോളം സംസ്ഥാനത്തിന് അനുകൂലമാക്കാൻ കഴിയും എന്ന പരിഗണന വെച്ചാണ് സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ